**പതിമൂന്നാം കേരള നിയമസഭ**
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1548 — 11.02.2013-ൽ മറുപടിയ്ക്ക്

## പത്മ പുരസ്കാരങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എ. ബേബി<br>ശ്രീ. എ.കെ. ബാലൻ<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. എം. ഹംസ | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |

(എ) ഈ വർഷത്തെ പത്മ പുരസ്കാരത്തിനായുള്ള നാമനിർദ്ദേശങ്ങൾ നടത്തുന്നത് സംബന്ധിച്ച് കേന്ദ്രസർക്കാർ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ എന്തൊക്കെ; വിശദമാക്കുമോ;

(എ) മാർഗ്ഗനിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായിട്ടാണോ നാമനിർദ്ദേശങ്ങൾ അയച്ചുകൊടുത്തത്; വിശദമാക്കുമോ;

(ബി) പത്മ പുരസ്കാരങ്ങൾക്കായി പേരുകൾ ശുപാർശ ചെയ്യുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ കേന്ദ്ര ആഭ്യന്തര വകുപ്പിന്റെ 12/7/2012-ലെ കത്ത് മുഖേന സംസ്ഥാന സർക്കാരിനെ അറിയിക്കുകയുണ്ടായി. പ്രസ്തുത മാനദണ്ഡങ്ങൾ അനുസരിച്ച് ശുപാർശ ചെയ്യേണ്ട പേരുകൾ തീരുമാനിക്കുവാനായി ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി കൺവീനറും ബഹു. ജലവിഭവ വകുപ്പുമന്ത്രി, ബഹു. പട്ടികജാതി-പിന്നാക്ക സമുദായ ക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി എന്നിവർ മെംബർമാരും, ചീഫ് സെക്രട്ടറി സെക്രട്ടറിയായും ഒരു ക്യാബിനറ്റ് സബ്കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | ഇക്കാര്യത്തിൽ മന്ത്രിസഭ ശുപാർശ ചെയ്ത 46 പേരുടെ പേരുവിവരങ്ങൾ ഈ വർഷത്തെ പത്മ അവാർഡിനുവേണ്ടി കേന്ദ്ര സർക്കാരിലേയ്ക്ക് ശുപാർശ ചെയ്തിട്ടുമുണ്ട്. |
| (സി) | ഇതുമായി ബന്ധപ്പെട്ട് സെർച്ച് കമ്മിറ്റി രൂപീകരിച്ചിരുന്നുവോ; സെർച്ച് കമ്മിറ്റി അംഗങ്ങൾ ആരൊക്കെയായിരുന്നു; ഈ കമ്മിറ്റി എത്ര തവണ കൂടി; വിശദാംശങ്ങൾ അറിയിക്കുമോ; ഇല്ലെങ്കിൽ ഏത് മാനദണ്ഡപ്രകാരമാണ് ശുപാർശകൾ നൽകിയത്; | (സി) | മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചിരുന്നു. കമ്മിറ്റി മൂന്ന് തവണ യോഗം ചേർന്ന് മുൻകാലത്ത് സ്വീകരിച്ച നടപടികൾ പ്രകാരവും ഗൈഡ്‌ലൈൻ അനുസരിച്ചുമാണ് ശുപാർശകൾ നൽകിയത്. |
| (ഡി) | കേരളത്തിൽ നിന്നും ഇക്കൊല്ലം പത്മ പുരസ്കാരങ്ങൾ ലഭിച്ചത് ആർക്കെല്ലാമാണ്; എന്തെല്ലാം പത്മ പുരസ്കാരങ്ങളാണ് ലഭിച്ചത്; | (ഡി) & (ഇ) | കേരളത്തിൽ നിന്നും ഇക്കൊല്ലം പത്മ പുരസ്കാരങ്ങൾ ലഭിച്ചത് ആർക്കെല്ലാമാണെന്നത് സംബന്ധിച്ച് പത്രവാർത്തകൾ അല്ലാതെ കേന്ദ്ര സർക്കാരിൽ നിന്നും ആധികാരികമായ അറിയിപ്പ് ലഭിച്ചിട്ടില്ല. |
| (ഇ) | പ്രഖ്യാപിക്കപ്പെട്ട പുരസ്കാരങ്ങളെ സംബന്ധിച്ച് ലഭിച്ചവരും ലഭിക്കാത്തവരും ഉന്നയിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിശോധി ക്കുകയുണ്ടായോ; ഇക്കാര്യത്തിൽ സംഭവിച്ച വീഴ്ച ബോധ്യമുണ്ടോ; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**